# ശാസ്ത്രവുംപരിസ്ഥിതിയും

കോമൺ കോഴ്സ്(എൽ.ആർ.പി.) മൊഡ്യൂൾ 1

2018-2019

തയ്യാറാക്കിയത്:

ജിഷ എലിസബേത്ത് വർഗീസ്,

മലയാളവിഭാഗം ,സെൻറ് മേരീസ് കോളെജ്,തൃശ്ശൂർ.

# പരിസ്ഥിതിപഠനത്തിന് ഒരാമുഖം

- പരിസ്ഥിതി -


ജീവികളുടെ നിലനില്പിലെയും വികാസത്തെയും സ്വാധീനിക്കുന്ന ഘടകങ്ങളുടെ സമാഹാരം.

ജീവജാലങ്ങൾ ചുറ്റുപാടുകളെ നിരന്തരമായി ആശ്രയിക്കുക മാത്രമല്ല,അനുസ്യൂതമായി ഊർജ്ജവും ദ്രവ്യവും കൈമാറ്റം ചെയ്യുകവഴി പരിസ്ഥിതിയ്ക്ക് മാറ്റം വരുത്തുകയും ചെയ്യുന്നു. ഇത് പരിസ്ഥിയുടെ അസംന്തുലിതാവസ്ഥയ്ക്കു കാരണമാകുന്നു. പരിസ്ഥിതിസംതുലനത്തിനു കോട്ടം വരാതെ നിലനിർത്തുകയും വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടത് മനുഷ്യൻറെയും ഭൂമിയുടെ തന്നെയും നിലനില്പിന് അനിവാര്യമാണ്.

# പാരിസ്ഥിതികചിന്ത

- ആദ്യത്തെ ലോകപരിസ്ഥിതിസമ്മേളനം-ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1972-ൽ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ.
- ആഗോളതാപനത്തെക്കുറിച്ചു മുന്നറിയിപ്പു കൊടുത്ത അന്താരാഷ്ട്രസംഘം - Inter Governmental Panel on Climate Change (IPCC)
- പ്രകൃതിയോടിണങ്ങിയ ഇന്ത്യൻജീവിതശൈലിയ്ക്കാധാരമായ വേദസാരം - “വസുധൈവ കുടുംബകം”

# പരിസ്ഥിതിപഠനത്തിന്റെ ബഹുമുഖസ്വഭാവം



# പരിസ്ഥിതിസംഘടനകൾ

- വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ-ഇന്ത്യ (WWF-India)
- ബോംബെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി (BNHS)
- സാകോൺ (Salim Ali Centre for Ornithology & Natural History)
- സെൻറർ ഫോർ എൻവയോൺമെൻറ് എഡ്യുക്കേഷൻ (CEE)
- വൈൽഡ് ലൈഫ് ഇൻസ്ററിറ്റ്യൂട്ട് ഓഫ് ഇന്ത്യ (WH)
- സെൻറർ ഫോർ സയൻസ് & എൻവയോൺമെൻറ് (CSE)
- ഗാന്ധി പീസ് ഫൌണ്ടേഷൻറെ പരിസ്ഥിതി സെൽ
- കേരളശാസ്ത്രസാഹിത്യപരിഷത്ത്
- കൽപ്പവൃക്ഷ്, ന്യൂദില്ലി
- നർമ്മദാ ബചാവോ ആന്ദോളൻ
- സി.പി.രാമസ്വാമി അയ്യർ പരിസ്ഥിതി വിദ്യാഭ്യാസ കേന്ദ്രം,ചെന്നൈ.

# പരിസ്ഥിതിപ്രവർത്തകർ

- ഹെൻറി തോറോ
- യൂജിൻ ഓഡം
- ഇ.ഓ.വിൽസൺ
- റേച്ചൽ കഴ്സൺ
- ഗ്രോ ഹാർലം ബ്രണ്ട്ലൻറ്
- മാധവ് ഗാഡ്ഗിൽ
- സുന്ദർലാൽ ബഹുഗുണ
- എം.സി.മേത്ത
- അൽമിത്ര പട്ടേൽ
- എം.കെ.പ്രസാദ്
- ജോൺ സി.ജേക്കബ്
- സലിം അലി
- കല്ലേൻ പൊക്കുടൻ
- വാംഗാരി മാതായ്
- ഗ്രെറ്റാ തൻബെർഗ്
- ലെയാ തോമസ്
- സുഗതകുമാരി
- ഡാനിയേൽ പോളി
- റാഷിദ് സുമൈല
- ഇന്ദുചൂഡൻ

# ഇക്കോവ്യൂഹം

- ഇക്കോവ്യൂഹം -

ഒരു സവിശേഷമായ ആവാസവ്യവസ്ഥയിൽ പരസ്പരം പ്രതിപ്രവർത്തിക്കുന്ന ജൈവസമൂഹവും അവ ജീവിക്കുന്ന പരിസരവും ചേർന്ന സംഘാതം

- ഇക്കോവ്യൂഹങ്ങളുടെ ഘടകങ്ങൾ:

1. ഉല്പാദകർ (Producers)
2. ഉപഭോക്താക്കൾ (Consumers)
3. വിഘാടകർ (Decomposers)

# പരിസ്ഥിതിപഠനത്തിൻറെ പ്രാധാന്യം

- പ്രകൃതിസംരക്ഷണത്തിൻറെ ആവശ്യകത ബോധ്യപ്പെടുക
- സാമൂഹികപ്രതിബദ്ധത വളർത്തുക
- ശാസ്ത്രീയമായ പരിസ്ഥിതി സംരക്ഷണം ശീലിക്കുക
- പ്രകൃതിയോടിണങ്ങുന്ന ജീവിതശൈലി ആർജ്ജിക്കുക
- സഹജീവികളോടുള്ള സ്നേഹവും കരുതലും വർദ്ധിപ്പിക്കുക
- പരിസ്ഥിതിപ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുക

# സിയാറ്റിൻ മൂപ്പൻ

‘Man is dying in his own filth’



- ‘ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ’ എന്ന തലക്കെട്ടോടെ ലോകമെങ്ങും കേൾവികേട്ട, തന്റെ ഗോത്ര ഭാഷയിലെ പ്രസംഗത്തിലൂടെ പ്രസിദ്ധനായ പ്രകൃതിസ്നേഹി. ജീവിതകാലം 1780-1866. അമേരിക്കൻ ഐക്യനാടുകളിലെ ദുവാമിഷ് ഗോത്ര മുഖ്യനും സുക്കാമിഷ്, ദുവാമിഷ് എന്നീ ആദിമ അമേരിക്കൻ ഇന്ത്യൻ നിവാസികളുടെ നേതാവുമായിരുന്നു **സിയാറ്റിൽ മൂപ്പൻ** (1780 - June 7, 1866). 1854 ൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ലിൻ പിയേഴ്സ് റെഡ് ഇന്ത്യക്കാരുടെ ഭൂമി വാങ്ങാനുള്ള താൽപര്യം അറിച്ച് മൂപ്പന് എഴുതിയ കത്തിനുള്ള മറുപടിയിലാണ് ഭൂമി ആരുടേത് എന്ന പ്രസിദ്ധമായ പ്രശ്നം ഉന്നയിച്ചത്. ‘മനുഷ്യൻ ആർത്തിയിൽ സ്വന്തം അഴുക്കുചാലിൽ മരിച്ചു വീഴുന്നു’ എന്ന അദ്ദേഹത്തിൻറെ വാക്കുകൾ ലോകജനതയെ ഇന്നും പ്രകൃതിനശീകരണത്തിനെതിരെ ഉദ്ബോധിപ്പിക്കുന്നു. “ആകാശത്തെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതെങ്ങനെ? ആ ചിന്ത ഞങ്ങൾക്ക അപരിചിതമാണ്.അന്തരീക്ഷത്തിന്റെ നവനൈർമല്യവും വെള്ളത്തിന്റെ വെട്ടിത്തിളക്കവും ഞങ്ങളുടേതല്ലാതായിരിക്കെ നിങ്ങൾക്ക് അവ എങ്ങനെ വാങ്ങാൻ കഴിയും?”

# സിയാറ്റിൽമൂപ്പൻറെ ജീവിതരേഖ



- അമേരിക്കയിലെ ദുവാമിഷ്,സുഖ്വാമിഷ് ഗോത്രമൂപ്പൻ
- 1780ൽ വാഷിങ്ടണിലെ ബ്ലേക്ക് ദ്വീപിനു സമീപം (ഇന്നത്തെ കെൻറ് നഗരം) ജനിച്ചു.
- പിതാവ് - സുഖ്വാമിഷ് ഗോത്രമൂപ്പനായിരുന്ന ഷ്വേബ്,
- മാതാവ്-ദുവാമിഷ് ഗോത്രക്കാരിയായ ഷൊലീസ്ത
- അമ്മയുടെ ഗോത്രപാരമ്പര്യത്തിലായിരുന്നു ബാല്യം
- അസാമാന്യമായ നേതൃപാടവം, തികഞ്ഞ പോരാളി, വാഗ്മി.
- 1854-ലാണ് വിഖ്യാതമായ പ്രസംഗം
- 1848-ൽ ഫ്രഞ്ച് മിഷണറിമാരുടെ പ്രേരണയാൽ കത്തോലിക്ക വിശ്വാസിയായി.
- 1866 ജൂൺ 7-ന് അന്തരിച്ചു.

# സിയാറ്റിൻമൂപ്പൻറെ പ്രസംഗം

ഹോം എന്ന ഡോക്യുമെൻററി തിരക്കഥയുടെ ഭാഗമായി സിയാറ്റിൻ മൂപ്പൻറെ പ്രസംഗത്തിന് ടെഡ് പെറി നല്കിയ പുനരാഖ്യാനമാണ് പാഠഭാഗം.

പ്രധാനഭാഗങ്ങൾ:


- ആകാശത്തെ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതെങ്ങനെ?
- വൃക്ഷങ്ങളിൽ ഒഴുകുന്ന ജീവരസം ചുവന്ന മനുഷ്യൻറെ ഓർമ്മകളെയാണ് ചുമന്നുകൊണ്ടുപോകുന്നത്.
- ചുവന്ന മനുഷ്യൻറെ അമ്മയാണ് ഈ ഭൂമി. സുഗന്ധികളായ പുഷ്പങ്ങൾ ഞങ്ങളുടെ സഹോദരിമാരാണ്.
- പുഴകളിലും നദികളിലും തിളങ്ങിയൊഴുകുന്ന ജലം വെറും ജലമല്ല,ഞങ്ങളുടെ പൂർവ്വികരുടെ രക്തമാണ്.

# പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ

- ജലത്തിൻറെ മർമ്മരം എൻറെ അച്ഛൻറെയച്ഛൻറെ ശബ്ദമാണ്.
- വെളുത്ത മനുഷ്യനു ഭൂമി അയാളുടെ സഹോദരനല്ല,ശത്രുവാണ്. അതിനെ ഒരിടത്ത് കീഴടക്കിക്കഴിയുമ്പോൾ അടുത്ത ഇടത്തേയ്ക്ക് അയാൾ നീങ്ങുന്നു.
- വെളുത്ത മനുഷ്യൻറെ നഗരത്തിൽ വസന്തകാലത്ത് ഇലകൾ ചുരുളഴിയുന്നത് കേൾക്കാനോ ഷഡ്പദത്തിൻറെ ചിറകുകൾ ഉരസുന്ന മർമ്മരം ചെവിയോർകക്കാനോ സാധ്യമല്ല.
- എല്ലാ ജീവികളും പങ്കുവെയ്ക്കുന്നത് ഒരേ ശ്വാസമാണ്.
- ഞങ്ങളുടെ മുത്തച്ഛന് ആദ്യശ്വാസം നല്കിയ കാറ്റുതന്നെ അദ്ദേഹത്തിൻറെ അന്ത്യശ്വാസവും കൈയാളുന്നു.
- മനുഷ്യൻ ഭൂമിയെ തുപ്പുമ്പോൾ അവൻ അവനെത്തന്നെയാണ് തുപ്പുന്നത്.




പ്രകൃതിയെ രക്ഷിക്കൂ... അല്ലെങ്കിൽ
ഭൂമിക്ക് ചരമഗീതം പാടാൻപോലും
നമ്മളുണ്ടാവില്ല


# കണ്ടൽജീവിതവും
# കല്ലേൻ  പൊക്കുടനും



# പൊക്കുടൻറെ ജീവിതരേഖ



- കണ്ണൂരിലെ ഏഴോം പഞ്ചായത്തിലെ എടക്കിൽത്തയിൽ1937-ൽ ജനിച്ചു.
- പിതാവ് - അരിങ്ങളെയൻ ഗോവിന്ദൻ പറോട്ടി
- മാതാവ് - കല്ലേൻ വെള്ളച്ചി
- പതിനെട്ടാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗത്വം
- 1980 ൽ പാർട്ടിപ്രവർത്തനം അവസാനിപ്പിച്ച് പരിസ്ഥിതിസംരക്ഷണത്തിലേയ്ക്ക്
- കണ്ടൽക്കാടുകൾക്കിടയിൽ -ഒരു ലക്ഷത്തിലധികം കണ്ടൽമരങ്ങൾ വെച്ചുപിടിപ്പിച്ചു - യുനെസ്ക്കോയുടെ പരാമർശം
- ആദിവാസി-ദളിത് വിഭാഗങ്ങൾ നേരിടുന്ന ചൂഷണങ്ങൾക്കെതിരെ
- 2013ൽ ഇറങ്ങിയ പാപ്പിലിയോ ബുദ്ധ എന്ന സിനിമയിലെ കരിയൻ ആയി അഭിനയിച്ചു

# പൊക്കുടൻറെ ജീവിതരേഖ



## കൃതികൾ

- എൻറെ രാഷ്ട്രീയജീവിതം (ആത്മകഥ)
- കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം
- ചൂട്ടാച്ചി
- കണ്ടൽ ഇനങ്ങൾ

## പുരസ്കാരങ്ങൾ

- സംസ്ഥാനസർക്കാരിൻറെ വനമിത്ര പുരസ്കാരം (2006)
- ഭൂമിമിത്ര അവാർഡ് (2003)
- ഹരിതവ്യക്തി പുരസ്കാരം (2010)
- കണ്ണൂർ സർവ്വകലാശാല ആചാര്യ അവാർഡ്
- പി.വി.തമ്പി മെമ്മോറിയൽ എൻഡോവ്മെൻറ് (2001)

- **പൊക്കുടൻറെ ജീവിതത്തെ കേന്ദ്രീകരിച്ച് 2012-ൽ ശിവപ്രസാദ് സംവിധാനം ചെയ്ത സിനിമ -സ്ഥലം**

- താഹ മാടായി രചിച്ച് 2003-ൽ സമകാലിക മലയാളം പ്രസിദ്ധീകരിച്ച *പൊക്കൂടൻ എഴുത്താത്ത ആത്മകഥ* (പൊക്കുടൻ്റെ അലിഖിത ആത്മകഥ) എന്ന ജീവചരിത്രത്തിൽ അദ്ദേഹത്തിൻ്റെ ജീവിതം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്



നന്ദി......